# പത്രക്കുറിപ്പ് (28/06/17)

സ്ത്രീ സുരക്ഷയ്ക്കായി -1515 എന്ന നമ്പർ ലഭ്യമാകുന്നതിന്റെ ഭാഗമായുള്ള പിങ്ക് പട്രോളിംഗ് ന്റെ രണ്ടു വാഹനങ്ങൾ ഇന്ന് കാലത്ത് 11 മണിക്ക് RR ജംഗ്ഷനിൽ വെച്ച് ബഹുമാനപ്പെട്ട ജില്ലാ പോലീസ് മേധാവി ശ്രീ എൻ രാമചന്ദ്രൻ IPS അവർകൾ ഫ്ലാഗ് ഓഫ് നിർവഹിച്ചു. ചടങ്ങിൽ പിങ്ക് control Nodal Officer , ശ്രീ വിനോദ് പിള്ള ( DySP Admn) , ശ്രീ സജീവ് ( DySP . Narcotics cell ) , ശ്രീ ഗിരിഷ് പി സാരഥി ( DySP, DCRB) , ശ്രീ സക്കറിയ മാത്യു , ഡി. വൈ.എസ്.പി കോട്ടയം , സന്തോഷ് കുമാർ ( DySP Special Branch) , Assistant Commandant ശ്രീ അശോക് കുമാർ , കുര്യച്ചൻ , സി.ഐ മാരായ നിർമ്മൽ ബോസ് , അനീഷ് വി കോര , വനിതാ സെൽ സി. ഐ ശ്രീമതി ഫിലോമിന കോട്ടയം സബ് ഡിവിഷനിലെ മറ്റ് എസ്.എച്ച്.ഒ മാരും പങ്കെടുത്തു. പിങ്ക് പട്രോൾ 1 കളത്തിപ്പടി മമുതൽ നാഗമ്പടം ബസ് സ്റ്റാന്ഡ് വരെയും പിങ്ക് പട്രോൾ 2 കോടിമത മുതൽ മെഡിക്കൽകോളേജ് വരെയും പട്രോളിംഗ് നടത്തുന്നതാണ്. Control Room ൽ രണ്ടു പേരും വാഹനത്തിൽ ഒരു വനിതാ ഡ്രൈവറും ഒരു ഓഫീസറും രണ്ടു വനിതാ പോലീസ് ഉദ്യോഗസ്ഥരും വീതം ഡ്യൂട്ടിയിൽ ഉണ്ട്. 8 AM മുതൽ 2 PM വരെയും 2 PM മുതൽ 8 PM വരെയും ഉള്ള രണ്ടു ടേൺ ആണ് ഡ്യൂട്ടി. സ്ത്രീകളുടെ സുരക്ഷയ്ക്ക് വേണ്ടി തനതു Application ഉപയോഗിച്ച് മൊബൈൽ ഫോൺ വഴി മെസ്സേജ് ചെയ്തും ഉപയോഗിക്കാവുന്നതാണ്.

ജില്ലാ പോലീസ് മേധാവി എൻ. രാമചന്ദ്രൻ IPS അവർകളുടെ നിർദ്ദേശപ്രകാരം ഇന്ന് (28/06/17) രാവിലെ 9 AM മുതൽ 7 PM വരെ ജില്ലയിൽ സ്ത്രീകൾ കൂടുതലായി ജോലി ചെയ്യുന്ന സ്വകാര്യ സ്ഥാപനങ്ങൾ സന്ദർശിച്ച് അവർ നേരിടുന്ന ബുദ്ധിമുട്ടുകൾ മനസ്സിലാക്കുന്നതിനായി നടത്തിയ സ്പെഷ്യൽ ഡ്രൈവിൽ 205 സ്ഥാപനങ്ങൾ പരിശോധിക്കുകയും 1371 സ്ത്രീകളെ കണ്ടു സംസാരിക്കുകയും അവർക്കാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും, തൊഴിലിടങ്ങളിലും മറ്റും എന്തെങ്കിലും വിഷമതകൾ നേരിട്ടാൽ ബന്ധപ്പെടുന്നതിനായി ഫോൺ നമ്പറുകൾ നൽകുകയും ചെയ്തു.

ജില്ലയിൽ ഇന്നു നടത്തിയ വാഹന പരിശോധനയിൽ അമിത വേഗതയിൽ വാഹനം ഓടിച്ച 44 പേർക്കെതിരെയും, മദ്യപിച്ചു വാഹനം ഓടിച്ച 20 പേർക്കെതിരെയും, അപകടകരമായി വാഹനം ഓടിച്ചതിനു 6 പേർക്കെതിരെയും, അശ്രദ്ധമായി വാഹനം ഓടിച്ചതിനു 49 പേർക്കെതിരെയും നടപടികൾ സ്വീകരിച്ചു.

കാഞ്ഞിരപ്പള്ളി ഇടക്കുന്നം ഭാഗത്ത് നിന്നും കുടുംബ വിഷയത്തെത്തുടർന്ന് ഭാര്യയും രണ്ടുമക്കളും ആത്മഹത്യ ചെയ്യാൻ കോട്ടയം റെയിൽവേ സ്റ്റേഷൻ പരിസരത്ത് എത്തിയിട്ടുണ്ടെന്ന ജില്ലാ പോലീസ് മേധാവി എൻ. രാമചന്ദ്രൻ IPS അവർകൾക്ക് രഹസ്യ വിവരം ലഭിച്ചതിനെ തുടർന്ന് കോട്ടയം ഈസ്റ്റ് പോലീസ് സ്റ്റേഷൻ സബ് ഇൻസ്പെക്ടറുടെ നേതൃത്വ ത്തിൽ ടിയാളുകളെ കണ്ടെത്തി ആത്മഹത്യ ശ്രമത്തിൽ നിന്നും പിന്തിരിപ്പിച്ചിട്ടുള്ളതാണ് .

Sd/-(28/06/17)

കോട്ടയം ജില്ലാ പോലീസ് മേധാവിക്ക് വേണ്ടി